//വളരെ അടിയന്തിരം//

നമ്പർ.സി5/7/2015/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.18/05/2015.
ഫോൺ :0471-2580514.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട്/നൂൺമീൽ ഓഫീസർ - സ്ഥലംമാറ്റ നിയമനം - പൊതുസ്ഥലംമാറ്റം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. ഈ ഓഫീസിലെ സർക്കുലർ നമ്പർ. സി5/7/2014/ഡി.പി.ഐ. തീയതി.
2.സർക്കാർ ഉത്തരവ് നമ്പർ.98/2015/പൊ.വി. തീയതി.04/05/2015

പൊതുവിദ്യാഭ്യാസ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ജൂനിയർ സൂപ്രണ്ടുമാരിൽ നിന്നും 2015-16 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനു വേണ്ടി സൂചന (1) പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ ഈ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

സൂചന (2) സർക്കാർ ഉത്തരവു പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉച്ചഭക്ഷണ പദ്ധതിയുടെ മാനേജ്മെന്റ്, മോണിറ്ററിംഗ്, ഇവാല്യുവേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഓരോ നൂൺമീൽ ഓഫീസർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം ആഗ്രഹിക്കുന്ന നിലവിലുള്ള ജൂനിയർ സൂപ്രണ്ടുമാർക്ക് അവസരം ലഭിക്കുന്നതിനു വേണ്ടി പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷ ഇതോടൊന്നിച്ചുള്ള അപേക്ഷാ ഫോർമാറ്റിൽ 25/05/2015-ന് മുൻപ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. പൊതുസ്ഥലംമാറ്റത്തിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ അപേക്ഷകർക്ക് ബാധകമാണ്.

*ഈ സർക്കുലർ പ്രകാരം സൂചന (1)-ലെ സർക്കുലറിന്റെ സമയ പരിധി 31/05/2015 വരെ മാത്രം ആയിരിക്കും. 01/06/2015 മുതൽ ഉണ്ടാകുന്ന ജൂനിയർ* ***സൂപ്രണ്ട്/നൂൺമീൽ ഓഫീസർ തസ്തികയിലെ എല്ലാ സ്ഥലംമാറ്റ നിയമനങ്ങളും നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് പുതുക്കിയ സർക്കുലർ പ്രകാരം മാത്രമായിരിക്കും പ്രാബല്യത്തിൽ വരുത്തുക.*** ആയതിനാൽ സൂചന (1) പ്രകാരം നേരത്തെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതാണ്. മറ്റ് ഓഫീസുകൾക്കൊപ്പം താൽപര്യമുള്ള ഉപജില്ലാ ഓഫീസുകൾ കൂടി ഓപ്ഷനായി നൽകേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. ഈ സർക്കുലർ പ്രകാരം ഇപ്പോൾ ജൂനിയർ സൂപ്രണ്ട് ആയി ജോലി നോക്കി വരുന്നവരും സ്ഥലംമാറ്റ നിയമനം ആഗ്രഹിക്കുന്നവരുമായ എല്ലാ ഓഫീസർമാരും 2015-16 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2. സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ സമയ പരിധി നിർബന്ധമായും പാലിക്കേണ്ടതാണ്.

3. ജൂനിയർ സൂപ്രണ്ട്/നൂൺമീൽ ഓഫീസർ തസ്തികകൾ ഒരേ കേഡർ തസ്തികകൾ ആയതിനാൽ പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതില്ല.

4. ഒരു അപേക്ഷകന് 10 ഓഫീസുകൾ മുൻഗണനാ ക്രമത്തിൽ ഓപ്ഷൻ നൽകാവുന്നതാണ്.

5. പൊതുസ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണനയ്ക്ക് അർഹതയുള്ള ജീവനക്കാർ മതിയായ രേഖകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

6. പൊതുസ്ഥലംമാറ്റത്തിനു വേണ്ടി ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കാൻ പാടുള്ളതല്ല.

7. അപേക്ഷകൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഓപ്ഷനുകൾ മാറ്റാൻ അനുവദിക്കുന്നതല്ല. എന്നാൽ ഹയർ ഓപ്ഷൻ രേഖാമൂലം ക്യാൻസൽ ചെയ്യാവുന്നതാണ്.

വി.എസ്. ഉഷാകുമാരി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
3. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. സീനിയർ ഫിനാൻസ് ഓഫീസർ
6. സീനിയർ ലോ ഓഫീസർ
7. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)
8. നോട്ടീസ് ബോർഡ്

} സി.എ. മുഖാന്തിരം

# APPLICATION FOR GENERAL TRANSFER OF JUNIOR SUPERINTENDENTS/NOON-MEAL OFFICERS 2015-16

| | | |
|---|---|---|
| 1. Name & Contact No. | : | |
| 2. Name of Office | : | |
| 3. Date of Birth | : | |
| 4. Date of Retirement | : | |
| 5. U.D. Clerk Rank No. & year | : | |
| 6. Native District/Place | : | |
| 7. Was the posting to the present office on request | : | Yes/No |
| 8. Total service in the present post | : | |
| 9. Total service at present station | : | |
| 10. Name of 10 offices to which transfer is required in the order or preference | : | 1.<br>2.<br>3.<br>4.<br>5.<br>6.<br>7.<br>8.<br>9.<br>10. |
| 11. Ground for the request | : | |
| 12. Details of Foreign service as J/s (Specify period) | : | Yes/No (from .................. to. ...................) |
| 13. Whether the applicant is eligible for preferences and if so, give details with documents | : | |

Signature of the applicant with date

| Recommendation of the Head of office |
|---|
| |